(സി) പ്രായപരിധി നിശ്ചയിച്ച് പെൻഷൻ നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

'പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ'

123 (3052) ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉടമസ്ഥതയിലുള്ള പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം നിർജ്ജീവമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) എങ്കിൽ എന്നുമുതലാണ് പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനം നിർജ്ജീവമായി തുടങ്ങിയതെന്നു വെളിപ്പെടുത്തുമോ;

(സി) ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ഡി) പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(ഇ) പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിലെ ബ്രോയിലർ ബ്രീഡിംഗ് ഫാമും ഹാച്ചറിയും എന്നത്തേയ്ക്ക് പ്രവർത്തനക്ഷമമാകുമെന്ന് വെളിപ്പെടുത്തുമോ;

(എഫ്) പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തക്ഷമമാകുന്നതോടെ എത്ര ലക്ഷം കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കാനാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ജി) ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ എന്ത് വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കാനാണ് ഉദ്ദേശമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ഇല്ല. എന്നാൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ 1996 ഒക്ടോബർ മുതൽ 1997 ഓഗസ്റ്റ് വരെ ഗണ്യമായി പുരോഗമിച്ചിരുന്നില്ല.

(സി 1994 ജനുവരിയിൽ മെസേർസ് ഡീജെറോസ് ബ്രീഡേഴ്സ് എന്ന സ്ഥാപനവുമായി ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിനാവശ്യമായ പിതൃശേഖരത്തെ വാങ്ങി വളർത്തുന്നതിനുള്ള ധാരണാപത്രം ഒപ്പുവയ്ക്കുകയും അതിൻപ്രകാരം 1994 നവംബറിൽ 5434 പിതൃശേഖരവും വാങ്ങി 1996 ജനുവരിയിൽ 2991 പിതൃശേഖരവും വാങ്ങി കുടപ്പനക്കുന്ന് ഫാമിൽ വളർത്തി 2,30,000 ത്തോളം കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിതരണം നടത്തുകയും ചെയ്തിരുന്നു. എന്നാൽ ഉയർന്ന മരണനിരക്കും രോഗബാധയും ഈ പദ്ധതിയെ പ്രതികൂലമായി ബാധിച്ചു. കോഴിക്കുഞ്ഞുങ്ങളുടെ ഗുണനിലവാരവും മെച്ചപ്പെട്ടതായിരുന്നില്ല. കൂടാതെ പിതൃശേഖരണത്തിന് 'സാൽമോണല്ല' എന്ന ഗുരുതരമായ രോഗം പടർന്ന്പിടിച്ചതിനാൽ ഫാമിലുണ്ടായിരുന്ന മൊത്തം പിതൃശേഖരത്തേയും 1996 ഒക്ടോബ

LIBRARY ARCHIVES Kerala Legislative Assembly

റിൽ നശിപ്പിക്കേണ്ടിവന്നു. ഈ സാഹചര്യത്തിൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ മേൽകാലയളവിൽ ഗണ്യമായ പുരോഗതി നേടിയില്ല.

(ഡി) പൗൾട്രി രംഗത്തെ ഇന്ത്യയിലെ മികച്ച സ്ഥാപനമായ വെങ്കിടേശ്വരാ ഹാച്ചറീസ് ലിമിറ്റഡുമായി ഉണ്ടാക്കിയ ഉടമ്പടിപ്രകാരം ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ മുട്ട വാങ്ങി കുടപ്പനക്കുന്നിലുള്ള ഹാച്ചറിയിൽ കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച്, കോഴി കർഷകർക്ക് വിതരണം ചെയ്യുന്ന പദ്ധതി 1997 ആഗസ്റ്റ് മുതൽ ആരംഭിച്ചു. വെങ്കിടേശ്വര ഹാച്ചറീസ് ലിമിറ്റഡുമായി കോർപ്പറേഷൻ ഉണ്ടാക്കിയ മറ്റൊരു ഉടമ്പടിപ്രകാരം പിതൃശേഖരത്തെ വളർത്തുന്നതിനുള്ള ഒരു പദ്ധതിയും ഇവിടെ നടപ്പിലാക്കി. ഈ ഉടമ്പടി പ്രകാരം 1998 മെയ് മാസത്തിൽ 5980 പിതൃശേഖരത്തെ വളർത്തുവാൻ തുടങ്ങി. ഇപ്പോൾ കോർപ്പറേഷനിൽ 15,000 ത്തോളം പിതൃശേഖരത്തെ വളർത്തിവരുന്നു. ടി ഉടമ്പടിയിൻ കീഴിൽ 1997-98, 1998-99 എന്നീ വർഷങ്ങളിൽ കോർപ്പറേഷനിൽ യഥാക്രമം 3,15,387 കോഴിക്കുഞ്ഞുങ്ങളെയും 9,22,230 കോഴിക്കുഞ്ഞുങ്ങളെയും ഉല്പാദിപ്പിച്ച് വിതരണം നടത്തി. തൽഫലമായി കോർപ്പറേഷന്റെ വിറ്റുവരവ് 1997-98-ൽ 42/09 ലക്ഷം രൂപയായിരുന്നത് 1998-99 -ൽ 124/- ലക്ഷം രൂപയായി ഉയർന്നു. 1999-2000 സാമ്പത്തികവർഷം 19 ലക്ഷം കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പിതൃശേഖരത്തെ വളർത്തി കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുവാൻ കുടപ്പനക്കുന്നിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഈ പ്രോജക്ടിന്റെ അടങ്കൽത്തുക 325.46 ലക്ഷം രൂപയിൽനിന്ന് 594.18 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. പുതുക്കിയ അടങ്കൽത്തുകയിലെ സർക്കാർ വിഹിതമായ 248.74 ലക്ഷം രൂപയിൽ 195 ലക്ഷം രൂപ അനുവദിക്കുകയും 1999-2000 വർഷത്തെ ബഡ്ജറ്റിൽ 65 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ തൊഴിൽരഹിതരായ ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്ന കുടുംബങ്ങൾക്ക് സ്വയം തൊഴിലവസരം ഉണ്ടാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന സ്റ്റെപ്പ് സ്കീമിന്റെ കീഴിൽ 'മഹിളാ ജ്യോതി' എന്ന പദ്ധതി ആവിഷ്ക്കരിച്ച് മലപ്പുറം ജില്ലയിലെ പത്തു പഞ്ചായത്തുകളിലായി നടപ്പിലാക്കിവരുന്നു. 1000 പേർക്ക് 150 കോഴിക്കുഞ്ഞുങ്ങളെ വീതം വളർത്തുന്നതിനുള്ള അടിസ്ഥാന സൗകര്യവും പരിശീലനവും നൽകുന്ന ടി പദ്ധതിയുടെ മൊത്തം അടങ്കൽതുകയുടെ 10 ശതമാനമായ 4.20 ലക്ഷം രൂപ സംസ്ഥാന സർക്കാർ കോർപ്പറേഷന് നൽകി.

(ഇ) കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ കുടപ്പനക്കുന്നിലെ ബ്രോയിലർ ബ്രീഡിംഗ് ഫാമും ഹാച്ചറിയും പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു.

(എഫ്) കുടപ്പനക്കുന്നിലുള്ള ബ്രോയിലർ ബ്രീഡിംഗ് ഫാമും ഹാച്ചറിയും പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുമ്പോൾ വർഷത്തിൽ 56 ലക്ഷം കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കാനാവുമെന്ന് കണക്കാക്കുന്നു.

(ജി) ഒരു ദിവസം പ്രായമുള്ള ബ്രോയിലർ കോഴിക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനച്ചെലവും കോഴിക്കുഞ്ഞുങ്ങളുടെ വിപണിയിലുള്ള വിലനിലവാരവും അടിസ്ഥാനമാക്കിയാണ് കോർപ്പറേഷൻ കോഴിക്കുഞ്ഞുങ്ങളെ വില നിശ്ചയിക്കുന്നത്. ഇപ്പോൾ കോർപ്പറേഷൻ 9 രൂപ നിരക്കിലാണ് കോഴിക്കുഞ്ഞുങ്ങളെ നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly